പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 238 **28-10-2026-ൽ മറുപടിയ്ക്ക്**

ഭിന്നശേഷിക്കാർക്കായുള്ള റെസ്പൈറ്റ് ഹോം പദ്ധതി

ചോദ്യം ഉന്നയിച്ച അംഗങ്ങൾ

ശ്രീ. സെബാസ്റ്റ്യൻ. എം. ജെ

ശ്രീ. അൻവർ സാദത്ത്

ശ്രീ. നാട്ടകം സുരേഷ്

ശ്രീ. അബിൻ വർക്കി കോടിയാട്ട്

മറുപടി നൽകിയ മന്ത്രി

ശ്രീ. വി. ഇ. അബ്ദുൽ ഗഫൂർ
(മത്സ്യബന്ധനം - സാമൂഹ്യനീതി വകുപ്പ് മന്ത്രി)

(എ) സംസ്ഥാനത്തെ ഭിന്നശേഷിക്കാർക്ക് സുരക്ഷിതമായ പരിചരണവും താൽക്കാലിക താമസസൗകര്യവും ഉറപ്പാക്കുന്നതിനായി റെസ്പൈറ്റ് ഹോം പദ്ധതി ആരംഭിക്കുന്നതിന്റെ ലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദമാക്കാമോ;

മറുപടി: ബൗദ്ധിക ഭിന്നശേഷിയുള്ള വ്യക്തികൾക്കും അവരുടെ കുടുംബങ്ങൾക്കും ആവശ്യമായ പിന്തുണയും സംരക്ഷണവും ഉറപ്പാക്കുന്നതിനും, പ്രത്യേകിച്ച് മാതാപിതാക്കളോ നിയമപരമായ രക്ഷിതാക്കളോ ചികിത്സ,ആശുപത്രിവാസം, യാത്ര, മറ്റ് വ്യക്തിപരമായ ആവശ്യങ്ങൾ, ഗുരുതര രോഗാവസ്ഥ എന്നിവ നേരിടുന്ന സാഹചര്യങ്ങളിൽ ഭിന്നശേഷിയുള്ള വ്യക്തികളുടെ സുരക്ഷിതമായ പരിചരണം ഉറപ്പാക്കുന്നതിനായി സർക്കാർ അംഗീകൃത താൽക്കാലിക സംരക്ഷണ സംവിധാനം ഒരുക്കുന്ന പദ്ധതിയാണ് "അൻപ് വീട് (റെസ്പൈറ്റ് ഹോം)" പദ്ധതി.

ടി പദ്ധതിയുടെ പ്രധാന ലക്ഷ്യങ്ങൾ ചുവടെപ്പറയുന്നവയാണ്:

- ഭിന്നശേഷിയുള്ള വ്യക്തികൾക്ക് സുരക്ഷിതവും മാന്യവുമായ താത്കാലിക താമസ സൗകര്യം ഒരുക്കുക.
- വ്യക്തിഗത പരിചരണവും ദൈനംദിന ജീവിതസഹായവും ഉറപ്പാക്കുക.
- പോഷകാഹാരവും ആരോഗ്യപരിപാലനവും നൽകുക.
- ആവശ്യമായ മെഡിക്കൽ സഹായവും അടിയന്തര ചികിത്സാ സൗകര്യവും ലഭ്യമാക്കുക.
- കൗൺസിലിംഗ്, പുനരധിവാസം, സാമൂഹിക ഇടപെടൽ എന്നിവ പ്രോത്സാഹിപ്പിക്കുക.
- മാതാപിതാക്കൾക്കും പരിചാരകർക്കും താത്കാലിക വിശ്രമവും മാനസിക പിന്തുണയും (Respite Care) ലഭ്യമാക്കുക.

(ബി) പ്രസ്തുത പദ്ധതി ഭിന്നശേഷിക്കാരെ പരിചരിക്കുന്ന കുടുംബാംഗങ്ങൾക്ക് വിശ്രമവും വ്യക്തിപരമായ ആവശ്യങ്ങൾക്കായി സമയം കണ്ടെത്താനുള്ള അവസരവും ലഭ്യമാക്കുന്നതിന് എപ്രകാരമാണ് സഹായകമാകുക; വ്യക്തമാക്കാമോ;

മറുപടി: ഭിന്നശേഷിക്കാരെ പരിചരിക്കുന്ന കുടുംബാംഗങ്ങൾക്ക് ചികിത്സ, ആശുപത്രിവാസം, യാത്ര, തൊഴിൽപരമായ ആവശ്യങ്ങൾ, മറ്റ് വ്യക്തിപരമായ കാര്യങ്ങൾ എന്നിവയ്ക്കായി സമയം കണ്ടെത്തേണ്ടിവരുമ്പോൾ ഭിന്നശേഷിക്കാരെ സുരക്ഷിതമായി താമസിപ്പിച്ച് ആവശ്യമായ പരിചരണവും ആരോഗ്യപരിപാലനവും ലഭ്യമാക്കുന്നതിനുള്ള സൗകര്യം "അൻപ് വീട്" (റെസ്പൈറ്റ് ഹോം) പദ്ധതിയിലൂടെ ഉറപ്പാക്കുന്നു. ഇതുവഴി പരിചരണത്തിന്റെ ഉത്തരവാദിത്വം മൂലമുണ്ടാകുന്ന മാനസികവും ശാരീരികവുമായ സമ്മർദങ്ങൾ കുറയ്ക്കുന്നതിനും കുടുംബാംഗങ്ങൾക്ക് വിശ്രമിക്കാനും സ്വന്തം ആവശ്യങ്ങൾ നിറവേറ്റാനും അവസരം ലഭിക്കുന്നു. കൂടാതെ, ഭിന്നശേഷിക്കാർക്ക് സുരക്ഷിതവും മാന്യവുമായ താൽക്കാലിക താമസം, വ്യക്തിഗത പരിചരണം, പോഷകാഹാരം, ആവശ്യമായ ചികിത്സാസഹായം എന്നിവ ലഭ്യമാക്കുന്നതിലൂടെ കുടുംബാംഗങ്ങളുടെ ആശങ്കകൾ കുറയ്ക്കാനും അവരുടെ പരിചരണച്ചുമതലകൾ കൂടുതൽ ഫലപ്രദമായി നിർവഹിക്കുന്നതിന് സഹായിക്കാനും പ്രസ്തുത പദ്ധതി ലക്ഷ്യമിടുന്നു.

റെസ്പൈറ്റ് ഹോമുകളിൽ ഒരു ഗുണഭോക്താവിന് പരമാവധി 7 ദിവസം വരെ respite care അനുവദിക്കുന്നതാണ്. 7 ദിവസത്തിൽ കൂടുതൽ താമസസൗകര്യം ആവശ്യമായി വരുന്ന പ്രത്യേക സാഹചര്യങ്ങളിൽ ബന്ധപ്പെട്ട ജില്ലാ സാമൂഹ്യനീതി ഓഫീസറുടെ മുൻകൂർ അനുമതി ലഭ്യമാക്കേണ്ടതാണ്.

(സി) പദ്ധതിയുടെ ഭാഗമായി റെസ്പൈറ്റ് ഹോമുകൾ ആരംഭിക്കുന്നതിനും അവിടെ ആവശ്യമായ പരിചരണം, അടിസ്ഥാനസൗകര്യങ്ങൾ, പരിശീലനം ലഭിച്ച ജീവനക്കാർ എന്നിവ ഉറപ്പാക്കുന്നതിനും സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ്; വിശദമാക്കാമോ;

മറുപടി: "അൻപ് വീട് (റെസ്പൈറ്റ് ഹോം)" പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി, ഭിന്നശേഷി മേഖലയിൽ പ്രവർത്തനപരിചയമുള്ള സർക്കാർ അംഗീകൃത സന്നദ്ധ സംഘടനകൾ നടത്തുന്ന റെസിഡൻഷ്യൽ സ്പെഷ്യൽ സ്കൂളുകൾ, കെയർ ഹോമുകൾ, സൈക്കോ-സോഷ്യൽ റീഹാബിലിറ്റേഷൻ സെന്ററുകൾ, റെസിഡൻഷ്യൽ വൊക്കേഷണൽ ട്രെയിനിംഗ് സെന്ററുകൾ, ഭിന്നശേഷി കുടുംബങ്ങൾ എന്നിവയുടെ സഹകരണത്തോടെ റെസ്പൈറ്റ് ഹോമുകൾ ആരംഭിക്കുന്നതിനായി താല്പര്യപത്രം (Expression of Interest - EOI) ക്ഷണിച്ച് നിശ്ചിത മാനദണ്ഡങ്ങൾ പാലിക്കുന്ന സ്ഥാപനങ്ങളെ തിരഞ്ഞെടുക്കുന്നതിനും എംപാനൽ ചെയ്യുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇതിന്റെ ഭാഗമായി 8 ജില്ലകളിൽ നിന്നുള്ള 12 സർക്കാർ അംഗീകൃത സന്നദ്ധ സംഘടനകളെയും ഭിന്നശേഷിയുള്ള വ്യക്തികൾ ഉൾപ്പെടുന്ന 3 കുടുംബങ്ങളെയും പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

പ്രസ്തുത റെസ്പൈറ്റ് ഹോമുകളിൽ സുരക്ഷിതമായ. താമസമുറികൾ, ശുചിമുറികൾ, അടുക്കള, ഭക്ഷണശാല, മെഡിക്കൽ നിരീക്ഷണ സൗകര്യങ്ങൾ, ഭിന്നശേഷി സൗഹൃദമായ ബാരിയർ ഫ്രീ സംവിധാനങ്ങൾ, അഗ്നിസുരക്ഷ, ശുചിത്വം എന്നിവ ഉറപ്പുവരുത്തുന്നതാണ്. കൂടാതെ ഗുണഭോക്താക്കൾക്ക് വ്യക്തിഗത പരിചരണം, ദൈനംദിന ജീവിതസഹായം, പോഷകാഹാരം, ആരോഗ്യപരിപാലനം, ആവശ്യമായ ചികിത്സസഹായം എന്നിവ ലഭ്യമാക്കുന്നതിനുള്ള സംവിധാനങ്ങളും ഒരുക്കുന്നതാണ്. പരിശീലനം ലഭിച്ച കെയർഗിവർമാർ, സ്റ്റാഫ് നഴ്സ്, സോഷ്യൽ വർക്കർ, ആവശ്യമായ സ്ഥാപനങ്ങളിൽ സ്പെഷ്യൽ എഡ്യൂക്കേറ്റർ , പാചകക്കാർ, ഹൗസ് കീപ്പിങ് ജീവനക്കാർ, സുരക്ഷാ ജീവനക്കാർ എന്നിവരുടെ സേവനം ഉറപ്പാക്കാനും വ്യവസ്ഥ ചെയ്തിട്ടുണ്ട്. ആവശ്യമായ സാഹചര്യങ്ങളിൽ ഡോക്ടർ, ഫിസിയോതെറാപിസ്റ്റ്, സ്പീച്ച് തെറാപിസ്റ്റ്, ക്ലിനിക്കൽ സൈക്കോളജിസ്റ്റ്, സൈക്യാട്രിസ്റ്റ് എന്നിവരുടെ സേവനം ലഭ്യമാക്കാവുന്നതാണ്. സ്ഥാപനങ്ങളുടെ യോഗ്യതയും പ്രവർത്തനവും ജില്ലാ സാമൂഹ്യനീതി ഓഫീസറും പ്രൊബേഷൻ ഓഫീസറും

പരിശോധിക്കുകയും സാമൂഹ്യനീതി ഡയറക്ടറേറ്റിന്റെ മേൽനോട്ടത്തിൽ പദ്ധതി നടപ്പിലാക്കുകയും ചെയ്യുന്നതാണ്. പ്രസ്തുത സ്ഥാപനങ്ങളുടെ സേവനം കാര്യക്ഷമമായും സുഗമമായും നടപ്പിലാക്കുന്നു എന്ന് ഉറപ്പുവരുത്തുന്നതിന് പദ്ധതി നടത്തിപ്പ് സംബന്ധിച്ച വ്യക്തമായ മാർഗരേഖ തയ്യാറാക്കി പ്രസിദ്ധീകരിച്ചിട്ടുണ്ട്.

പ്രസ്തുത പദ്ധതിക്കായി നടപ്പു സാമ്പത്തികവർഷം 1,00,00,000/- രൂപ വിനിയോഗിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത പദ്ധതിയുടെ കീഴിൽ ഒരു വ്യക്തിക്ക് താൽക്കാലിക താമസ സൗകര്യങ്ങൾ ഒരുക്കുന്നതിന് എംപാനൽ ചെയ്ത സ്ഥാപനത്തിന്/കുടുംബത്തിന് പ്രതിദിനം 1,500/- രൂപ വീതം അനുവദിക്കുന്നതാണ് .

(ഡി) ബൗദ്ധിക, ശാരീരിക, ബഹുവിധ ഭിന്നശേഷിയുള്ള വ്യക്തികൾക്ക് അവരുടെ ആവശ്യങ്ങൾക്കനുസൃതമായ പരിചരണവും പുനരധിവാസ പിന്തുണയും ലഭ്യമാക്കുന്നതിന് പ്രത്യേക സംവിധാനങ്ങൾ ഏർപ്പെടുത്തുമോ; പദ്ധതി സംസ്ഥാനവ്യാപകമായി നടപ്പിലാക്കുന്നതിനും അർഹരായ ഭിന്നശേഷിക്കാർക്ക് വിവേചനരഹിതമായി സേവനം ലഭ്യമാക്കുന്നതിനും സമയബന്ധിതമായ നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

മറുപടി: "അൻപ് വീട് (റെസ്പൈറ്റ് ഹോം)" പദ്ധതിയിലൂടെ ബൗദ്ധിക, ശാരീരിക, ബഹുവിധ ഭിന്നശേഷിയുള്ള വ്യക്തികളുടെ ആവശ്യങ്ങൾക്കനുസൃതമായി സുരക്ഷിതമായ താൽക്കാലിക താമസസൗകര്യവും വ്യക്തിഗത പരിചരണവും ആരോഗ്യപരിപാലനവും ആവശ്യമായ പുനരധിവാസ പിന്തുണയും ലഭ്യമാക്കുന്നതിനാണ് ലക്ഷ്യമിടുന്നത്. ഗുണഭോക്താക്കളുടെ ഭിന്നശേഷിയുടെ സ്വഭാവവും പരിചരണാവശ്യങ്ങളും പരിഗണിച്ച് അനുയോജ്യമായ സ്ഥാപനങ്ങളിൽ പ്രവേശനം അനുവദിക്കുന്നതിനും ആവശ്യമായ പരിശീലനം ലഭിച്ച ജീവനക്കാരുടെ സേവനം, മെഡിക്കൽ സഹായം, കൗൺസിലിംഗ്, മറ്റ് അനുബന്ധ സൗകര്യങ്ങൾ എന്നിവ ഉറപ്പാക്കുന്നതിനും പദ്ധതി വ്യവസ്ഥ ചെയ്യുന്നു. സംസ്ഥാനത്തെ എല്ലാ ബ്ലോക്ക് പഞ്ചായത്തുകളുടെയും പരിധിയിൽ ഓരോ അൻപ് വീട് കേന്ദ്രം വീതം ആരംഭിക്കുന്നതിനാണ് ലക്ഷ്യമിടുന്നത്. ഇതിനായി സാമൂഹ്യനീതി വകുപ്പ് താൽപര്യപത്രം ക്ഷണിച്ച് നിശ്ചിത മാനദണ്ഡങ്ങൾ പാലിക്കുന്ന സ്ഥാപനങ്ങളെ കണ്ടെത്തി എംപാനൽ ചെയ്യുകയും ജില്ലാ സാമൂഹ്യനീതി ഓഫീസർമാരുടെ നേതൃത്വത്തിൽ ഗുണഭോക്താക്കളെ തിരിച്ചറിയൽ, അപേക്ഷകളുടെ പരിശോധന, സ്ഥാപനങ്ങളുടെ പ്രവർത്തന നിരീക്ഷണം എന്നിവ നടത്തുകയും ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

പദ്ധതി സംസ്ഥാനവ്യാപകമായി നടപ്പാക്കുന്നതിന്റെ ഭാഗമായി 8 ജില്ലകളിൽ നിന്നുള്ള 12 സർക്കാർ അംഗീകൃത സന്നദ്ധ സംഘടനകളെയും ഭിന്നശേഷിയുള്ള വ്യക്തികൾ ഉൾപ്പെടുന്ന 3 കുടുംബങ്ങളെയും പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ